**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 691** **17-09-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. യുടെ ലാഭ-നഷ്ട കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ലാഭം അല്ലെങ്കിൽ നഷ്ടം എത്രയാണ് എന്നതിന്റെ വിശദാംശം നൽകാമോ; | (എ) | 2024-25 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് 571.22 കോടി രൂപ ലാഭമാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. ഇതിൽ 2023-24-ലെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം നികത്തുന്നതിന് ഗവൺമെന്റിൽ നിന്നും ലഭിക്കാനുള്ള 494.29 കോടി രൂപയും ഉൾപ്പെട്ടിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. |
| (ബി) | ജീവനക്കാരുടെ ഭീമമായ ശമ്പളവും കെ.എസ്.ഇ.ബി. യുടെ തലപ്പത്തുള്ളവരുടെ കാര്യക്ഷമമല്ലാത്ത പ്രവർത്തന രീതികളും ആസൂത്രണത്തിലെ പിഴവുകളും മൂലമാണ് പ്രതിവർഷ നഷ്ടം കൂടിവരുന്നതെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ കെ.എസ്.ഇ.ബി പ്രവർത്തന ലാഭത്തിലേയ്ക്ക് മാറിയിരിക്കുകയാണ് എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട് . |
| (സി) | രാജ്യത്ത് പുരപ്പുറ സോളാർ പദ്ധതികൾ പ്രോത്സാഹിപ്പിക്കപ്പെട്ടുമ്പോൾ, പ്രസ്തുത പദ്ധതികൾ കാരണം കെ.എസ്.ഇ.ബി. യ്ക്ക് വൻനഷ്ടമുണ്ടായെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ? | (സി) | കേരളത്തിൽ പുരപ്പുര സോളാർ പദ്ധതിയുടെ ബില്ലിംഗ് നിലവിൽ നെറ്റ് മീറ്ററിംഗ് സംവിധാനം വഴിയാണ് ചെയ്യുന്നത് എന്നും നെറ്റ് മീറ്ററിംഗ് സംവിധാനപ്രകാരം വൈദ്യുതിയുടെ ആവശ്യകത താരതമ്യേന കുറഞ്ഞ പകൽ സമയത്ത് പുരപ്പുറ സോളാർ വെച്ച ഉപഭോക്താക്കൾ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഏതാണ്ട് 70% ത്തോളം ഗ്രിഡ്ഡിലേക്ക് നൽകുന്നതായും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. വൈദ്യുതി കമ്പോളത്തിൽ വിലകൂടി നിൽക്കുന്ന പീക്ക് സമയത്ത്, പകൽ സമയത്ത് ബാങ്ക് ചെയ്ത വൈദ്യുതിയുടെ സിംഹഭാഗവും എടുക്കുകയും ചെയ്യുന്നതിനാൽ ഇത്തരത്തിലുള്ള ബാങ്കിംഗ് സംവിധാനം സാമ്പത്തിക ബാധ്യത കെ.എസ്.ഇ.ബി.-യ്ക്ക് നിലവിൽ വരുത്തുന്നതായും കെ. എസ്. ഇ. ബി. എൽ അറിയിച്ചിട്ടുണ്ട്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ വച്ച് താരതമ്യം ചെയ്യുമ്പോൾ എംഎൻആർഇ (MNRE) യുടെ റിപ്പോർട്ട് പ്രകാരം പുരപ്പുറസോളാർ വ്യാപനത്തിൽ കേരളം രാജ്യത്ത് നാലാം സ്ഥാനത്താണ്. എന്നാൽ കേരളത്തിനു |

| | | | |
|---|---|---|---|
| | | | മുന്നിലും പുറകിലുമുള്ള സംസ്ഥാനങ്ങളിൽ പകൽ സമയത്താണ് ഏറ്റവും കൂടുതൽ വൈദ്യുതി ആവശ്യകത ഉള്ളത് എന്നതിനാൽ സാമ്പത്തിക ഭാരം കെ.എസ്.ഇ.ബി.-യ്ക്ക് ഉണ്ടാവുകയും ഇത് സോളാർ ഇതര ഉപഭോക്താക്കളിലേക്ക് മാറ്റപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുന്നതായും കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. പുരപ്പുറ സോളാർ വ്യാപനത്തിൽ കെ.എസ്.ഇ.ബി. വലിയ മാതൃകകൾ രാജ്യത്ത് സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായാണ് 1500 മെഗാവാട്ടിൽ അധികം ശേഷി സ്ഥാപിക്കാനായി സാധിച്ചത്. എന്നാൽ മേൽ സൂചിപ്പിച്ച പോലുള്ള പ്രശ്നങ്ങൾ പരിഹരിച്ചു പോകേണ്ടതുണ്ട്. 2024-25-ലെ കണക്ക് പ്രകാരം ഇത്തരത്തിലുള്ള ബാങ്കിംഗ് പ്രകാരവും ഗ്രിഡിൽ ഉണ്ടാക്കിയിട്ടുള്ള വ്യതിയാനങ്ങളുടെ ഭാഗമായും ഏകദേശം 500 കോടി രൂപയ്ക്ക് മുകളിൽ സാമ്പത്തിക ബാധ്യത ഉണ്ടായതായാണ് കെ.എസ്.ഇ.ബി.എൽ. കണ്ടെത്തിയിട്ടുള്ളത്. എന്നാൽ സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, പുനരുപയോഗ ഊർജ്ജ റെഗുലേഷൻസ് (കരട്) പ്രസിദ്ധീകരിക്കുകയും അതു സംബന്ധിച്ച പൊതു തെളിവെടുപ്പുകൾ പുരോഗമിക്കുകയും ചെയ്യുകയാണ്. |

സെക്ഷൻ ഓഫീസർ